ശ്രീ. പി. പി. ഉമ്മർകോയ: ഇവരുടേതിൽനിന്നും കുറഞ്ഞ ശമ്പളമാണെന്ന പറയുന്നതു് ശരിയല്ല. ഇവർ വക്കു്എസ്റ്റാബ്ലിഷ്മെന്റു് എന്ന തരത്തിലുള്ള പ്രത്യേകതരം ജോലിയിൽ പെട്ടവരാണു്. അവക്കു് ഈ മിനിമം വേജസു് ആകുറ്റു് ബാധകമാകുകയില്ല. ഗവണ്മെന്റു് കുറെ ആളുകളെ വക്കു് എസ്റ്റാബ്ലിഷ്മെന്റിൽ നിയമിച്ചു. അവക്കു ശമ്പളം കൊടുത്തുവരികയാണു്. ഇവിടെ ചോദ്യം തൊഴിലാളികളുടെ മിനിമം വേജസു് സംബന്ധിച്ചുള്ള കാര്യമാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസു് : മിനിമം വേജസു് ആകുറ്റു് ഇന്നൊരു വിലക്കപ്പെട്ട കനിയായി തൊഴിലാളികൾക്കു് അനുഭവപ്പെടുകയാണു്. ഇതു ലഭിക്കുന്നതിലേക്കായി തൊഴിലാളികൾ കോടതിയിൽ പോകുന്ന നിലപാടുവരെയുണ്ടു്. ഇതു മാറ്റി ഇതു തൊഴിലാളികൾക്കു് കിട്ടുന്നതിനു് ആവശ്യമായ കർശനനടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോൾത്തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. മിനിമംവേജസു് കൊടുക്കണമെന്ന പറഞ്ഞാൽ അതിനെക്കാൾ കുറഞ്ഞ കൂലി കൊടുക്കരുതു് എന്നേ അർത്ഥമുള്ളു. മിനിമം വേജസു് അനുസരിച്ചുള്ള കൂലിയും അതിൽക്കവിഞ്ഞ കൂലിയും തൊഴിലാളികൾക്കു് ഇന്നു് ലഭിക്കുന്നുണ്ടു്.

* മൈനർ ഇറിഗേഷൻ ജോലികൾ.

* 635. [2] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാനത്തിൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയാകാത്തതുമായ മൈനർ ഇറിഗേഷൻ ജോലികൾ എത്ര ;

(ബി) പണി പൂർത്തിയാക്കാതെ നിറുത്തിവച്ചിരിക്കുന്നവ എത്ര ;

(സി) ഇവയുടെ ജോലികൾ പൂർത്തിയാക്കുന്നതിനു ഇനിയും എത്ര കാലതാമസം വേണ്ടിവരും ?

കൃഷ്യുവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) 610.

(ബി) 129.

(സി) ഇവയുടെ പണികൾ ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. ചില കൺട്രാക്ടർമാരുടെ ക്ലോഷ്ക്കാന്തികുറവു്, പ്രാമ്പോക്കു് സ്ഥലങ്ങൾ ഏറ്റെടുത്തുകിട്ടാനുള്ള താമസം, സ്ഥലമെടുപ്പു് പ്രവർത്തനങ്ങളിലുള്ള കാലതാമസം ഇവയാണു് ജോലികൾ നിറുത്തിവയ്ക്കുവാനുള്ള കാരണങ്ങൾ.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : സർ, വടക്കേ മലബാറിൽ കണ്ണിയത്തെ ഡാമിന്റെ പണി പൂർത്തിയായിട്ടും വെള്ളം തുറന്നുകൊടുക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : പ്രത്യേകമായി ചോദിക്കാമെങ്കിൽ എന്തുകൊണ്ടാണു് കാലതാമസമെന്നു അന്വേഷിച്ചു മറുപടി പറയുന്നതാണു്.

ശ്രീ. കെ. കൃഷ്ണൻ : കാഞ്ഞിരപ്പുഴ പദ്ധതിയുടെ ആറുമൈൽ ദൂരത്തു നല്ല റോഡുണ്ടു്. എന്നാൽ മെയിൻറനൻസു നടത്താതെ അതു ദുരുപയോഗപ്പെട്ടു പോകുകയാണു്. അതേപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : മൈനർ ഇറിഗേഷനെപ്പറ്റിയുള്ള ചോദ്യമാണു് ഇതു്. ഈ പറഞ്ഞ ഡിഫിക്കൽറ്റിയെപ്പറ്റി അന്വേഷിക്കാം.

* Put by Shri P. Ravindran.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. വാസു : പഞ്ചായത്തു ഏരിയായിൽ മൈനർ ഇറിഗേഷന്റെ ഉദ്ദേശം സാധിക്കുന്ന കുളങ്ങളെല്ലാം ഉണ്ടു്. അവിടെനിന്നും ജലം കിട്ടുന്നസ്ഥലങ്ങളിൽനിന്നും ജലനികുതി ഈടാക്കുകയും ചെയ്യുന്നുണ്ടു്. ഇപ്പോഴും ആ സ്ഥലങ്ങളിൽ ആവശ്യത്തിനു വെള്ളം ലഭിക്കുന്നില്ല, എന്നിട്ടും ജലനികുതി ഈടാക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഇങ്ങനെ ഓരോ കേസായിട്ടു ചോദിച്ചാൽ എന്താണു സ്ഥിതിയെന്നു അന്വേഷിക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : പതിനായിരക്കണക്കിനു രൂപ ചെലവാക്കി ഭക്ഷ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്കു് സെസു് ഈടാക്കാതിരിക്കുന്ന ഒരു നയവും ലിഫ്റ്റു് ഇറിഗേഷനു പമ്പുസെറ്റുകൾ നൽകുന്ന ഒരു പരിപാടിയും ആവിഷ്ക്കരിക്കുവാൻ ഗവണ്മെൻറിനുദ്ദേശമുണ്ടോ ? ഈ കാര്യം വച്ചുകൊണ്ടു് ഇതൊന്നു പുനഃപരിശോധനചെയ്യാൻ തയാറാകുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇതു നയത്തെ സംബന്ധിക്കുന്ന ഒരു പ്രത്യേക പ്രശ്നമാണു്. കുറച്ചു ആലോചിച്ചുനോക്കേണ്ട സംഗതിയാണു്.

മരാമത്തു ജോലികൾ.

* 636. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന മരാമത്തുവകുപ്പിലേക്കുള്ള തുകകൾ എല്ലാം ഈ സാമ്പത്തികവർഷത്തിൽ ചെലവാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നുവോ ;

(ബി) കുന്നത്തൂർ, കൊട്ടാരക്കര എന്നീ താലൂക്കുകളിലേക്കു് മരാമത്തു ജോലികൾക്കായി ഏതേതു ജോലികൾക്കാണു് പണം കൊള്ളിച്ചിരുന്നതു് ; എത്ര തുകവീതം ;

(സി) അതിൽ ഏതേതു പണികൾ ആരംഭിച്ചു ;

(ഡി) ഏതേതു പണികൾ തുടർന്നുകൊണ്ടിരിക്കുന്നു ;

(ഈ) ഏതേതു പണികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല ;

(എഫു്) എന്തു കാരണത്താൽ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഈ വകുപ്പിലേക്കുള്ള തുകകൾ എല്ലാം ഈ സാമ്പത്തികവർഷത്തിൽതന്നെ ചെലവാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുകയാണു്.

(ബി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(സി, ഡി) 24 ജോലികൾ പൂർത്തിയായിട്ടുണ്ടു്. ആരംഭിച്ചിട്ടുള്ളതും തുടർന്നുംകൊണ്ടിരിക്കുന്നതുമായ ജോലികളുടെ ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.*

(ഈ, എഫു്) വിവരങ്ങൾ അടങ്ങിയ ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. പി. സി. ആദിച്ചൻ : 62 താലൂക്കിലെ ജോലി തുടർന്നുകൊണ്ടിരിക്കുമ്പോൾ കുന്നത്തൂർ ജില്ലയിലെ ജോലികൾ മാത്രം അടിയന്തിരാവസ്ഥമൂലം നിറുത്തുകയുണ്ടായി എന്നു പറയുവാനുള്ള കാരണം എന്താണു് ? കുന്നത്തൂർ താലൂക്കിൽ മാത്രമേ അടിയന്തിരാവസ്ഥയുള്ളോ ? മറ്റുസ്ഥലങ്ങളിൽ അടിയന്തിരാവസ്ഥ വന്നിട്ടില്ലേ ?

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly